കാർഡമം റിസർച്ച് സെന്റർ

* 786. [5] ശ്രീ. എൻ. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പാമ്പാടുംപാറയിലെ കാർഡമം റിസർച്ച് സെന്റർ എന്ന് ആരംഭിച്ചു ;

(ബി) നാളിതുവരെയുള്ള പ്രവർത്തനംകൊണ്ടുണ്ടായ ഗുണങ്ങൾ എന്തെല്ലാം ;

(സി) അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് താമസ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടോ ;

(ഡി) റിസർച്ചിനു ആവശ്യമുള്ള scientific apparatus അവിടെയുണ്ടോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) 14-12-1956-ൽ പ്രവർത്തനമാരംഭിച്ചു.

(ബി) ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി രണ്ടിനം (types 6 & 7) കാർഡമം വേർതിരിച്ചുകൊടുക്കുകയും അവയുടെ മേന്മയെപ്പറ്റി പഠനം നടത്തിക്കൊണ്ടിരിക്കുകയും ആണ്. ഏകദേശം അൻപതിനായിരത്തിൽ കൂടുതൽ കട്ടേ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കട്ടേ സൗജന്യമായി വിതരണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. കട്ടേ സൗജന്യമായി വിതരണം നടത്തുകയുണ്ടായി.

(സി) ബോട്ടണിസ്റ്റിനു താമസ സൗകര്യം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. മറ്റുള്ള ഉദ്യോഗസ്ഥന്മാർക്ക് താമസ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട ഉത്തരവുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്.

Central Research Institute on spices and cashewnut.

* 787. [22] **Shri K. T. Thomas** : Will the Minister for Food and Agriculture be pleased to state :

(a) whether there is a scheme of the Government of India to start a Central Research Institute on spices and cashewnut in Kerala ;

(b) is it a fact that the land offered by the State Government for the above purpose was found unsuitable ; and

(c) will the Government take immediate steps to provide suitable and required land for establishing a Central Research Institute?

Minister for Food and Agriculture (**Shri E. P. Poulose**) :

(a) Yes.

(b) The two sites offered by the State Government were found unsuitable by the Government of India.

(c) Government are suggesting other sites to the Government of India for locating the Research Station and the reply of the Government of India is awaited.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. മോസ്ക്കരൻ നായർ : സർ, ഡിഫയുടെ ഉത്തരമായിട്ട് ഉണ്ട് എന്നു പറഞ്ഞു. എന്നാൽ ഈ അടുത്ത നാളിൽ എസ്റ്റിമേറ്റസ് കമ്മിറ്റി അവിടം സന്ദർശിച്ചപ്പോഴും അവിടെനിന്നും അറിയാൻ കഴിഞ്ഞതു് അവിടെ ആവശ്യമായ സയന്റിഫിക് അപ്പാരറ്റസ് ഒന്നുംതന്നെയില്ലെന്നുള്ളതാണു്. അങ്ങനെ അവ കൊടുത്തിട്ടുണ്ടെങ്കിൽ എന്നാണു് കൊടുത്തിട്ടുള്ളതു്, എസ്റ്റിമേറ്റ്സ് കമ്മിറ്റി അവിടെനിന്നും പോന്നതിൽ പിന്നീടാണോ കൊടുത്തിട്ടുള്ളതു്?

ശ്രീ. ഈ. പി. പൗലോസ് : അവിടെ ഏതു് അപ്പാരറ്റസ് ആണു് ഇല്ലാ എന്നുള്ളതു് അറിവില്ല, ഈ കൺട്രോൾ ചെയ്യുന്ന ആളുകളും നിർദ്ദേശിച്ചിട്ടുള്ള ഒരു പാറ്റേൺ അനുസരിച്ചുള്ള അപ്പാരറ്റസ് എല്ലാം കൊടുത്തിട്ടുണ്ടു്. അവിടെയുള്ള ആളുകളും ഇനിയും പല അപ്പാരറ്റസും വേണമെന്നു പറയും. അനുബന്ധമായിരുന്നതു ഏതാണു്, ഇപ്പോൾ ഉള്ളതു് ഏതാണു്, ഇനി ഏതെല്ലാം അനുബന്ധമാവശ്യം എന്നു അറിവില്ല.

ശ്രീ. കെ. ഹസൻഗനി : അവിടെ ഒരു പാറ്റേൺ അനുസരിച്ചുള്ള അപ്പാരറ്റസ് ഉണ്ടെന്നാണു് പറഞ്ഞതു്. പക്ഷേ, അവിടെ ഒന്നുമില്ല. ഞങ്ങളും അവിടെ പോയി നോക്കിട്ടുള്ളതാണു്. അവിടെ ഉദ്യോഗസ്ഥന്മാർക്കു് താമസിക്കുന്നതിനു സൗകര്യം വേണ്ടപ്രകാരം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതൊന്നും അവിടെ കണ്ടില്ല. ഒരു വീടുമാത്രം അവിടെയുണ്ടു്.

ശ്രീ. ഈ. പി. പൗലോസ് : ഒരാളിനു, അവിടത്തെ റിസർച്ചു് അസിസ്റ്റന്റിനു് ഉള്ള കെട്ടിടംമാത്രമേ പണി തീർന്നുള്ളു. ബാക്കിയുള്ള കെട്ടിടങ്ങളും പണിയാൻ ആർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. ടി. തോമസ് : ഈ സെൻട്രൽ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സ്ഥലം എവിടെയാണു് ഇപ്പോൾ പരിശോധിച്ചു തീരുമാനിച്ചിരിക്കുന്നതു് ?

ശ്രീ. ഈ. പി. പൗലോസ് : പ്രത്യേകിച്ചും എറണാകുളത്തു് ഒരു സ്ഥലം പോയിക്കണ്ടു. അതു അതു അവർക്കു് തൃപ്തിപ്പെട്ടില്ല. അതിനുവേണ്ടിയുള്ള സ്ഥലം അവർ തിരഞ്ഞെടുക്കണം.

ശ്രീ. കെ. എം. ജോർജ് : സെൻട്രൽ റിസർച്ചു് ഇൻസ്റ്റിറ്റ്യൂട്ടു് സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിനുവേണ്ടി ഫൈറോ കെമിക്കൽ പ്ലാന്റു് സ്ഥാപിക്കാനായി ഉദ്ദേശിച്ചിട്ടുള്ള ആ സ്ഥലം അവർ പോയിനോക്കി എന്നറിയുന്നു. ആ സ്ഥലത്തു് ഫൈറോ കെമിക്കൽ പ്ലാന്റു സ്ഥാപിക്കാൻ ഇടയില്ല എന്നവരികയാണെങ്കിൽ അതു് അവിടെ സ്ഥാപിക്കുന്നതിനു ശുപാർശ ചെയ്യുമോ ?

ശ്രീ. ഈ. പി. പൗലോസ് : ആ സ്ഥലവും അവർ നോക്കി. അതും അത്ര തൃപ്തിയായിട്ടു് അവർക്കു തോന്നിയില്ല.

ശ്രീ. എൻ. ഈ. ബലറാം : അവിടെയുള്ള നഴ്സറിയിൽ കാട്ടാനകൾ ഇറങ്ങി നാശങ്ങൾ ചെയ്യുന്നതുകൊണ്ടു് അതിനു ചുറ്റും ടെഞ്ചസ് കുഴിക്കാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : കാട്ടാന വന്നു് ഈ നഴ്സറിയിൽ ഉപദ്രവം ഉണ്ടാക്കി എന്നുള്ള റിപ്പോർട്ടു് ഗവണ്മെന്റിനു കിട്ടിയിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. എം. എ. സുന്ദരം : ഇത്രയും കാലത്തിനുള്ളിൽ അതിന്റെ പ്രവർത്തനങ്ങൾ വിജയകരമായി തീർന്നിട്ടില്ല എന്നുള്ള അനുഭവത്തിൽ, ഈ ഗവേഷണകേന്ദ്രത്തിന്റെ കീഴിൽ എത്ര ഏക്കർ സ്ഥലത്തു് ഈ നഴ്സറി ആയിട്ടു നടത്തിവരുന്നു; അതിന്റെ പ്രവർത്തനത്തെക്കുറിച്ചു് അതു വിജയമാണോ പരാജയമാണോ എന്നൊരു പരിശോധന നടത്താൻ ഭയവുണ്ടാകുമോ ?

ശ്രീ. ഈ. പി. പൗലോസ് : അവിടെ ഡിസീസ് ഫ്രീയായിട്ടുള്ള വിത്തു് എടുത്തു പുതിയ ഇനം ഏലം ഉൽപ്പാദിപ്പിക്കുവാൻ പരീക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുകയാണു്. അതിന്റെ വിസ്തീർണ്ണം എത്രയാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : കാളാന വന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ എന്നാണ് മന്ത്രിയുടെ ഉത്തരം. പിന്നാൽ എസ്റ്റിമേറ്റ് കമ്മിറ്റി വ്യക്തമായി എഴുതിവച്ചിട്ടുണ്ട്. അപ്പോഴും അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണോ? ഈ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് പിന്നെ എന്തിനാണ് ?

ശ്രീ. ഇ. പി. പൗലോസ് : കാളാനയുടെ ഉപദ്രവം നഗരസഭയിൽ ഉണ്ടായിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലാ എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ഗോപാലൻ : ഇൻഡ്യൻ കൗൺസിൽ ആഫ് ആഗ്രികൾച്ചറൽ റിസർച്ചിൽനിന്നും ഏതുതരത്തിലുള്ള സഹായമാണ് കിട്ടുന്നത് ?

ശ്രീ. ഇ. പി. പൗലോസ് : ഇവിടെ റിസർച്ചിന് സബ്സിഡി കിട്ടും.

ശ്രീ. ഇ. പി. ഗോപാലൻ : ഈ കാര്യത്തിനെ സംബന്ധിച്ചിടത്തോളം നമുക്ക് സബ്സിഡിയായി എത്രയുക കിട്ടും ?

ശ്രീ. ഇ. പി. പൗലോസ് : ഈ കാര്യം പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

പണി പൂർത്തിയാകാത്ത റോഡുകൾ

* 788. [6] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ പണിയാരംഭിച്ച് പൂർത്തിയാകാത്ത എത്ര റോഡുകൾ കേരളത്തിലുണ്ട് ;

(ബി) മലബാർ പ്രദേശത്ത് എത്ര ;

(സി) കോഴിക്കോട് ഡിസ്ട്രിക്റ്റിൽ എത്ര ?

(ഡി) കോഴിക്കോട് ഡിസ്ട്രിക്റ്റിൽ മലപ്പുറം നിയോജകമണ്ഡലത്തിലുള്ള കോട്ടയ്ക്കൽ—ചാപ്പനങ്ങാടി റോഡ്, കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് എന്നിവകളുടെ പണികൾ പൂർത്തിയാകാതിരിപ്പാൻ കാരണം എന്ത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ രണ്ടു റോഡുകളുടെ പണികൾ ധനദൗർലഭ്യം കാരണം മാറ്റിവച്ചിരിക്കുകയാണ്.

ശ്രീ കെ. ഹസൻഗനി : ആ റോഡുകളിലുള്ള ചില്ലറ ചില കല്ലുകൾ മറ്റും പണിതാൽ അതു സഞ്ചാരയോഗ്യമാകും എന്നുള്ളതറിയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ രണ്ടു റോഡുകളുടെയും കാര്യം ഒന്നിച്ചാണ് പറഞ്ഞത്. കല്ലുകളുടെ കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീമതി എ. നഫീസത്തുബീവി : ആലപ്പുഴ ഈസ്റ്റ് എന്റ് ആഫ് വാടക്കൽ കനാൽ ടു പുന്നപ്ര റോഡ് പണി ആരംഭിച്ചതാണ്. അതിന്റെ വിവരം മന്ത്രിക്ക അറിയാവുന്നതാണ്. അതിന്റെ സ്ഥിതി എന്താണ്, 16 കൊല്ലമായി അതിന്റെ പണി തുടങ്ങിയിട്ട്. അതിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി പല നിവേദനങ്ങളും ആ നാട്ടുകാർ നൽകിയിട്ടുള്ളതാണ്. ആ പണി ഈ വർഷംതന്നെ പൂർത്തിയാക്കാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly